# ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ചാർട്ടർ ഓഫ് ഡ്യൂട്ടീസ് ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് 18.07.2017-ൽ വിവിധ സർവ്വീസ് ഓർഗനൈസേഷനുമായ് എ.ഡി.ജി നടത്തിയ മീറ്റിംഗിന്റെ മിനിറ്റ്സ്

| | | |
|---|---|---|
| മേജർ ജനറൽ അനൂപ്കുമാർ വി,എസ്.എം | - | എ.ഡി.ജി എൻ.സി.സി |
| കേണൽ ഭാസ്കരൻ,എസ്.കെ.എം | - | അഡീഷണൽ ഡയറക്ടർ (Pers B) |
| ശ്രീമതി. എ മുംതാസ് ബീഗം | - | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| ശ്രീ. എ. അബ്ദുൾ റഹീം | - | സ്റ്റേറ്റ് വൈസ് പ്രസിഡന്റ് എൻ.ജി.ഒ യൂണിയൻ |
| ശ്രീ. സി.കെ ദിനേശ് കുമാർ | - | സ്റ്റേറ്റ് ട്രഷറർ കേരള എൻ.ജി.ഒ യൂണിയൻ |
| ശ്രീ. സഞ്ചു ബി.കെ | - | എൻ.ജി.ഒ സംഘ് |
| ശ്രീ. പ്രദീപ് കുമാർ പി.എസ്, | - | സ്റ്റേറ്റ് പ്രസിഡന്റ്,കെ.എൻ. സി.സി.സി. എസ്.എ |
| ശ്രീ. ശിവകുമാർ കെ.വി, | - | ജനറൽ സെക്രട്ടറി, കെ.എൻ.സി. സി.സി.എസ്.എ |
| ശ്രീ. അനിൽ കുമാർ പി, | - | ജോയിന്റ് സെക്രട്ടറി കെ.എൻ.സി.സി.സി. എസ്.എ |
| ശ്രീ. സാജു എസ് | - | കെ.എൻ.സി.സി.എസ്.എസ്.എ, സ്റ്റേറ്റ് മെമ്പർ |

**മീറ്റിംഗ് 12 മണിക്ക് ആരംഭിച്ചു.**

**എ.ജി.ഒ യൂണിയന്റെ നിർദ്ദേശങ്ങൾ :-**

(1) LGS-നെ orderly ആയി കണക്കാക്കി ജോലി ചെയ്യിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള ജോലിക്ക് ചുമതലപ്പെടുത്തരുത്..

(2) ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ നിലവിൽ എൽ.ജി.എസിന് 22 ഉം നേഴ്സിന് 45നും compensatory off അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഈ വകുപ്പിലും compensatory off കൂടുതൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(3) ലാസ്കർ/ചൗക്കിദാറിന്റെ ജോലികൾക്ക് PI Staff-നെ നിയോഗിക്കുന്നതിനോട് യോജിപ്പില്ല.

(4) ഒഴിവുള്ള LGS തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്..

(5) Chowkidar duty ക്ക് outsourcing നടത്തണമെന്ന നിർദേശം അംഗീകരിക്കുന്നില്ല.

## കെ.എൻ.സി.സി.സി.എസ്.എ:യുടെ നിർദ്ദേശങ്ങൾ

(6) LGS ന്റെ നിലവിലുള്ള charter of duties-ൽ 'Any other duty' എന്ന ഭാഗത്തിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. ചാർട്ടർ ഓഫ് ഡ്യൂട്ടീസിൽ നിന്നും 'Gardening' സംബന്ധിച്ച ജോലി ഒഴിവാക്കണം.

(7) Deep Trench Latrine പോലുള്ള ജോലികൾ ചെയ്യാൻ എൽ.ജി.എസിനോട് ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽ പെടുന്നു. ഇത്തരം ജോലികൾ casual labourers -നെ കൊണ്ട് ചെയ്യിക്കേണ്ടതാണ്.

(8) PI staff mess/Officers Mess തുടങ്ങിയ റെജിമെന്റൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനും ലസ്കർമാരെ കൊണ്ട് ഓഫീസ് പരിസരം വൃത്തിയാക്കിപ്പിക്കുന്നതിനോടും വിയോജിപ്പുണ്ടെന്നും, എൻ.സി.സി ഇൻസ്റ്റിറ്റ്യൂഷൻസ്/സ്റ്റോഴ്സ് വൃത്തിയാക്കുന്ന ജോലി അംഗീകരിക്കുന്നതാണെന്നും അസോസിയേഷൻ അറിയിച്ചു.

(9) ഓഫീസ് shift ചെയ്യേണ്ടതായ സാഹചര്യത്തിൽ സാധനങ്ങൾ pack ചെയ്യുന്നതിനും, പുതിയ ഓഫീസിൽ സാധനങ്ങൾ അടുക്കിവക്കുന്നതിനും തയ്യാറാണെന്നും , എന്നാൽ loading and unloading ചെയ്യാൻ സാധ്യമല്ലെന്നും അതിന് casual labour-നെ നിയോഗിക്കേണ്ടതാണെന്നും അസോസിയേഷൻ അറിയിച്ചു.

## Decision:-

(1) എല്ലാ ലാസ്കർ തസ്തികകളിലും duty off 15-ൽ പരിമിതപ്പെടുത്താൻ സാധിക്കും. അല്ലാത്ത സാഹചര്യത്തിൽ മാത്രം ആരോഗ്യ വകുപ്പിന്റെ കേസ് precedent ആക്കി duty off കൂട്ടുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് അയയ്ക്കാവുന്നതാണ്.

(2) പി.എസ്.സി വഴി നിയമനം നടത്തുന്നതിന് എംപ്ലോയ്മെന്റ് മുഖേന താല്ക്കാലികമയി നിയമനം നടത്തുന്നതിന് എല്ലാ ഗ്രൂപ്പ് കമാണ്ടർ/സി.ഒ മാർക്കും നിർദേശം നല്കുന്നതാണ്.

(3) പി.എസ്.സി/എംപ്ളോയ്മെന്റ് മുഖേന ആവശ്യമായ നിയമനം നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ചൗക്കിദാർ ഡ്യൂട്ടിക്ക് out sourcing നടത്തുന്നതാണെന്നും, ആയത് ആവശ്യമായി വരുന്ന പക്ഷം അനുമതിക്കായി (ഫണ്ടുൾപ്പെടെ) സർക്കാരിനെ സമീപിക്കുമെന്നും തീരുമാനിച്ചു.

മീറ്റിങ്ങ് ഒരു മണിക്ക് അവസാനിച്ചു.

ഒപ്പ്/
അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

അംഗീകാരത്തോടെ,

എ. [illegible]
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
എൻ.സി.സി ഡയറക്ടറേറ്റ് (കെ&എൽ)
തിരുവനന്തപുരം